

നീര ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ധാരണാപത്രം എസ്‌സിഎംഎസ് ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ.പ്രദീപ് പി.തേവന്നൂരും കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി എംഡി ജയമോഹനും കൈമാറുന്നു.

# നീരയുടെ വിപണനത്തിന് കരാറായി

കളമശേരി ● എസ്‌സിഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോ സയൻസ് ആൻഡ് ബയോ ടെക്നോളജി റിസർച്ച് ആൻഡ് ഡവലപ്മെന്റിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത നീര ദാഹശമനിയും നീരയിൽ നിന്നുള്ള തേനും പഞ്ചസാരയും വിപണനം ചെയ്യുന്നതിനുള്ള കരാറിൽ എസ് സിഎംഎസും കൊല്ലം ആസ്ഥാനമായുള്ള കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡും കരാർ ഒപ്പുവച്ചു.

ഒരു വർഷമാണ് കരാർ കാലാവധി. നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ എസ്‌സിഎംഎസിന്റെ മേൽനോട്ടത്തിൽ പ്രവർത്തന സജ്ജമായ കളമശേരിയിലെ നീര പ്ലാന്റിലാണ് ഉൽപാദനം നടക്കുക.

സ്വകാര്യ മേഖലയിലെ ആദ്യത്തെ നീര പ്ലാന്റാണിത്. എസ്‌സിഎംഎസ് ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ. പ്രദീപ് പി. തേവന്നൂരും കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി മാനേജിങ് ഡയറക്ടർ ജയമോഹനും ധാരണാ പത്രം കൈമാറി.

പ്രഫ. പി.സി. പിള്ള, ഡോ. സി. മോഹൻകുമാർ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ചെയർമാൻ ഷാജഹാൻ എന്നിവർ സന്നിഹിതരായിരുന്നു.